പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2463 — 09.03.2018 ന് മറുപടിയ്ക്ക്.

## താഴേക്കോട് വനിതാ ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് വനിതാ ഐ.ടി.ഐയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യാവസായിക പരിശീലനവകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തി 2018-19 ലെ ബജറ്റിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;<br><br>(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (എ),(ബി) & (സി)<br><br>താഴേക്കോട് വനിതാ ഐ ടി ഐ യ്ക്ക് സ്വന്തമായി ഭൂമി കൈ മാറി ലഭിച്ചിട്ടില്ലാത്തതിനാൽ കെട്ടിട നിർമ്മാണത്തിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിന് സ്ഥലം കൈ മാറി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ